ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

28 (1061) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റ് ഗാർഡിന് കൈമാറിയ ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൈസ്കൂൾ, ഹോസ്റ്റൽ, വി.എച്ച്.എസ്.സി. എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് പുതിയ കെട്ടിട സൗകര്യങ്ങളും കളിസ്ഥലവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്ക് ആലോചിക്കാവുന്നതാണ്.

ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിന് ഫണ്ട്

27 (1062) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് റോഡുകൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ മാത്രമായി എത്ര റോഡുകൾക്ക് ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ മോന്താൽ പുഴയോരത്തു നിന്നും പൊക്ക്ളി നാരായണൻ പറമ്പിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2003-04) കണ്ണൂർ ജില്ലയിൽ പഴയങ്ങാടി കോമത്ത് ബണ്ട് മുല റോഡ് നിർമ്മാണത്തിന് 10.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly